ഉത്തരം

(എ) 220 പേരെ.

(ബി—ഡി) എല്ലാവരെയും താൽക്കാലികമായി മാത്രമാണ് നിയമിച്ചിരിക്കുന്നത്.

(ഇ) ഇല്ല.

(എഫ്) കൺസ്യൂമർ ഫെഡറേഷന്റെ വ്യാപാര പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലിക നിയമനം അപ്രായോഗികമാണെന്നും പി. എസ്. സി. തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികൾ ഹാജരാകുന്നതുവരെ ഇപ്പോഴുള്ള സ്ഥിതി തുടരാൻ അനുവദിക്കണമെന്നും, ഫെഡറേഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ ഹൈക്കോടതിയിൽ ഒരു കേസും നിലവിലുണ്ട്.

(ജി) ഇല്ല.

(എച്ച്) ഫെഡറേഷനിൽ സ്ഥിരനിയമനം നടത്തേണ്ടത് പി.എസ്. സി. വഴിയാണ്.

സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ

96 [2748] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാ സ്ഥാപനങ്ങളിലെ സ്ഥിരം നിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നത്;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പലിശ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സ്ഥിരം നിക്ഷേപങ്ങൾക്ക് നിലവിലുള്ള പലിശനിരക്കുകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി	സംസ്ഥാന സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്ക്	പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ബാങ്ക്
1	15 ദിവസം മുതൽ 45 ദിവസം വരെ	4.75%	5%	5.5%
2	46 ദിവസം മുതൽ 179 ദിവസം വരെ	5.75 %	6 %	6.5 %
3	180 ദിവസം മുതൽ 364 ദിവസം വരെ	6.25 %	6.5 %	7 %
4	ഒരുവർഷം മുതൽ 3 വർഷം വരെ	7 %	7.25 %	7.75 %
5	മൂന്നുവർഷവും അതിനു മുകളിലും	7.25 %	7.5 %	8 %

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly